**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **09-12-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ; | (എ) | കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും നിലവിൽ കോളേജ് ആരംഭിക്കുന്നതിനുള്ള സ്ഥല ലഭ്യത സംബന്ധിച്ച വിഷയം പരിശോധിക്കുകയും ചെയ്തു. കുട്ടമ്പുഴയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾക്കായി ജലവിഭവവകുപ്പിന് കൈമാറിനൽകിയ ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ നിലവിൽ പ്രസ്തുത വകുപ്പിൽ പരിശോധിച്ചുവരികയാണ്.<br><br>ഇതിനായി കുട്ടമ്പുഴ വാർഡ് നമ്പർ 16ൽ 5 ഏക്കർ സ്ഥലം കൈമാറുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 2) ലഭ്യമാക്കിയിട്ടുണ്ട് എന്നും, പ്രസ്തുത സ്ഥലം റിസർവോയർ ഏരിയ ആണെന്നും ടി സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് പരിശോധന നടത്തി പോയിട്ടുള്ളതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലെ തൽസ്ഥിതി അറിയിക്കുവാൻ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. ജലവിഭവവകുപ്പിൽ നിന്നും ഫയൽ തിരികെ ലഭ്യമാകുന്ന മുറയ്ക്കും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ഈ വിഷയത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി ബി3/518/2017 ഉ.വി.വ. എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ; | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കുട്ടികൾക്ക് അടക്കം ഉപരിപഠനം സാധ്യമാകുന്ന തരത്തിൽ സർക്കാർ കോളേജ് വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ